**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529** **15-02-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിലെ കായംകുളം മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിയ്ക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | **മാർക്കറ്റ് പാലം**<br><br>കായംകുളം വില്ലേജിൽ കരിപ്പുഴ തോടിന് കുറുകെ മാർക്കറ്റ് പാലം നിർമ്മിക്കുന്നതിന് 5 ആർസ് ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 06.10.2022-ലെ സ.ഉ(ആർ.റ്റി) 4056/2022/റവ പ്രകാരം അനുമതി നല്കിയിട്ടുള്ളതും ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ ആയി സ്പെഷ്യൽ തഹസിൽദാർ എൽഎ(ജനറൽ), ആലപ്പുഴയെ നിയമിച്ചിട്ടുള്ളതുമാണ്. കണ്ടിൻജൻസി ചാർജ്ജ് അർത്ഥനാധികാരി അടയ്ക്കുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>**കനീശ്ശക്കടവ് പാലം**<br><br>ആലപ്പുഴ ജില്ലയിൽ കായംകുളം വില്ലേജിൽ ഉൾപ്പെട്ട 26.31 ആർസ് സ്ഥലം കന്നീശക്കടവ് പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 16/08/2023-ലെ 2698-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാനവില നിർണ്ണയം, പുനരധിവാസ പാക്കേജിൻറെ ഹിയറിംഗ് എന്നിവ പൂർത്തിയാക്കി ആയതിന്റെ കരട് തയ്യാറാക്കി വരുന്നു.<br><br>**കോയിക്കൽപടി പാലം**<br><br>ആലപ്പുഴ ജില്ലയിൽ പത്തിയൂർ വില്ലേജിൽ ഉൾപ്പെട്ട 32.50 ആർസ് സ്ഥലം കായംകുളം കായലിന് കുറുകെ കോയിക്കൽപടി പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് ഏജൻസിയെ നിയമിച്ച് 4(1) വിജ്ഞാപനം 13/11/2023-ലെ 3657-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ |

| | | | |
|---|---|---|---|
| | | | പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിൻമേൽ വിദഗ്ധസമിതി യോഗം 21/02/2024-ൽ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ